
കവർസ്റ്റോറി

**ടി. ആരിഫലി,** അമീർ ജമാഅത്തെ ഇസ്‌ലാമി കേരള

# അറുപതാണ്ടിന്റെ നിറവിൽ അഭിമാനത്തോടെ

**1949** ആഗസ്റ്റ് 1 നാണ് കേരളത്തിലെ ഇസ്‌ലാമിക പ്രസ്ഥാനചരിത്രത്തിലെ ആ അതുല്യസംഭവം അരങ്ങേറിയത്. 'പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ' എന്ന് മലയാളത്തിൽ അച്ചടിച്ച് *പ്രബോധനം* പിറന്നുവീണു. കൃതജ്ഞതകൊണ്ട് കരഞ്ഞുകലങ്ങിയ കണ്ണുകളുമായാണ് ഇസ്‌ലാമിക പ്രവർത്തകർ ആ ചരിത്രമുഹൂർത്തത്തെ വരവേറ്റത്. അവിസ്മരണീയമായ ആ ഓർമകൾ നമുക്ക് പകർന്നുനൽകാൻ ആദ്യകാലതലമുറയിലെ മഹാരഥന്മാരിൽ ചിലർ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സാക്ഷികളായുണ്ട്. വിറക്കുന്ന കൈകൾ നമ്മുടെ ചുമലിൽ വെച്ച് ഇപ്പോഴും അവർ മന്ത്രിക്കുന്നത് ഇസ്‌ലാമിക പ്രസ്ഥാനം മുന്നോട്ടു പോകണമെന്നു തന്നെയാണ്. മുന്നിൽനടന്നവരെ ഓർത്തുകൊണ്ടല്ലാതെ, അവർക്ക് വേണ്ടി പ്രാർഥിച്ചുകൊണ്ടല്ലാതെ നമുക്ക് *പ്രബോധന*ത്തിന്റെ അറുപത് വർഷത്തെ പ്രവർത്തനപാരമ്പര്യത്തെക്കുറിച്ച് വിവരിക്കുക സാധ്യമല്ല.

അക്ഷരാർഥത്തിൽ അത്ഭുതം തന്നെയായിരുന്നു *പ്രബോധന*ത്തിന്റെ പിറവി. 1941 ആഗസ്റ്റിൽ മൗലാനാ മൗദൂദിയുടെ നേതൃത്വത്തിൽ രൂപീകൃതമായ ജമാഅത്തെ ഇസ്‌ലാമി അന്ന് മുതൽ തന്നെ വിവിധ ഇന്ത്യൻ ഭാഷകളിൽ പ്രസിദ്ധീകരണങ്ങളാരംഭിക്കുന്നതിനെ സംബന്ധിച്ച ചർച്ചകൾ തുടങ്ങിയിരുന്നു. 1946ൽ അലഹബാദിൽ ചേർന്ന രണ്ടാം അഖിലേന്ത്യാസമ്മേളനം കേരളത്തിൽ ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളാരംഭിക്കുന്നതിനുള്ള ചുമതല ഹാജി സാഹിബിന് നൽകി. 1949ൽ കോഴിക്കോട് ജില്ലയിലെ വാണിമേലിൽ ചേരാൻ നിശ്ചയിച്ചിരുന്ന ജമാഅത്ത് സമ്മേളനം തൽപരകക്ഷികളുടെ എതിർപ്പുകൾ കാരണം നടക്കാതെപോയി. സമ്മേളനത്തിനെത്തിയവർ പക്ഷേ അവരുടെ വീടുകളിലേക്കല്ല തിരിച്ചുപോയത്. പിറ്റേന്ന് കോഴിക്കോട് ജമാഅത്ത് ഓഫീസിൽ അവർ ഒത്തുചേരുകയും ഒരു പത്രം, പ്രസിദ്ധീകരണാലയം, പ്രസ്, കേന്ദ്ര ഓഫീസ് എന്നിവ ആരംഭിക്കാൻ ദൃഢനിശ്ചയമെടുക്കുകയും ചെയ്തു. നടക്കാതെ പോയ സമ്മേളനത്തിന്റെ പേരിൽ നിരാശരാകുന്നതിന് പകരം ഉറച്ച ചുവടുവെപ്പുകൾക്കാണ് പ്രസ്തുത സമ്മേളനം ആഹ്വാനം ചെയ്തത്. "നാം കഴിവില്ലാത്തവരാണെങ്കിലും അല്ലാഹു കഴിവുറ്റവനാണ്. അവൻ നമ്മെ സഹായിക്കും. അല്ലാഹുവിനെ മുൻനിറുത്തി നാം പ്രതിജ്ഞയെടുക്കുക." ഹാജി സാഹിബിന്റെയും സഹപ്രവർത്തകരുടേയും ഈ ദൃഢപ്രതിജ്ഞയാണ് ഇസ്‌ലാമിക പ്രസിദ്ധീകരണരംഗത്ത്


പ്രബോധനം
(പ്രതിപക്ഷപത്രം)
1949 ആഗസ്റ്റ് 1-ാംതി
ഹിജ്റ 1368 ശവ്വാൽ 6.
ലക്കം : 1
പുസ്തകം : 1
വിഷയവിവരം.

**കേരളീയ മുസ്‌ലിം സമൂഹത്തിൽ നവോത്ഥാനത്തിന്റെ ഊടും പാവും നിർണയിച്ചതിൽ *പ്രബോധനം* വഹിച്ച പങ്ക് അനൽപമാണ്. നവോത്ഥാനത്തിന്റെ വൃത്തത്തെ കൂടുതൽ വലുതാക്കുകയാണ് ഇസ്‌ലാമിക പ്രസ്ഥാനവും *പ്രബോധന*വും ചെയ്തത്. മുസ്‌ലിം സമൂഹത്തെ ഇസ്‌ലാഹ് ചെയ്യുന്നതോടൊപ്പം തന്നെ ഇസ്‌ലാം കേവലം ആചാരബന്ധിതമായ പാരമ്പര്യമതം മാത്രമല്ലെന്നും വിപ്ലവകരമായ സമ്പൂർണ ജീവിതപദ്ധതിയാണെന്നും കേരളീയരെ യുക്തിഭദ്രമായും പ്രാമാണികമായും ബോധ്യപ്പെടുത്തിയത് *പ്രബോധനം* തന്നെയാണ്.**

അക്ഷരവിപ്ലവത്തിന് ഹേതുവായത്.

ഒരു പത്രം ആരംഭിക്കാതെ ഇസ്‌ലാമിക പ്രസ്ഥാനത്തിന് തരമില്ലായിരുന്നു. പ്രസ്ഥാനത്തിന്റെ തനതായ വ്യതിരിക്തതയായിരുന്നു അതിന്റെ പ്രബോധനസ്വഭാവം. പാരമ്പര്യസമുദായത്തിന്റെ ജീർണമായ ചുറ്റുവട്ടങ്ങളിൽ നിന്നും നടപ്പുശീലങ്ങളിൽ നിന്നും ഗതിമാറിയൊഴുകുന്ന, ചലനാത്മകതയുള്ള ഒരു പ്രസ്ഥാനമായാണ് ഇസ്‌ലാം മൗദൂദി സാഹിബിന്റെ സ്വപ്നങ്ങളിൽ നിറഞ്ഞുനിന്നത്. മുഴുജനസഞ്ചയത്തോടും സംവദിക്കാനുള്ള ശേഷി അതിനുണ്ടാകണമെന്നും അദ്ദേഹം ആഗ്രഹിച്ചു. പാരമ്പര്യസമുദായം ഏറെ അമ്പരപ്പോടെയാണ് മൗദൂദിയുടെ വാക്കുകൾ ശ്രവിച്ചത്. പ്രമാണിവർഗം പ്രവാചകന്മാരുടെ ആഗമനത്തെ തങ്ങളെ സ്വന്തം നാട്ടിൽ നിന്ന് പുറത്താക്കാനുള്ള ഗൂഢതന്ത്രമായി വ്യാഖ്യാനിച്ചതായി വിശുദ്ധ ഖുർആൻ രേഖപ്പെടുത്തുന്നുണ്ട്. ഇസ്‌ലാമിക പ്രസ്ഥാനം പ്രബോധനപ്രവർത്തനങ്ങളിലൂടെ 'പുതിയ മനുഷ്യരെ' ഇസ്‌ലാമികസൗധത്തിനകത്ത് പ്രവേശിപ്പിക്കുകവഴി തങ്ങൾ പുറത്താകുമെന്ന് ഭയന്ന യാഥാസ്ഥിതികർ അക്കാലത്ത് കാട്ടിക്കൂട്ടിയ പുകിലും പുക്കാറും വാക്കുകൾകൊണ്ട് വിവരിക്കുക സാധ്യമല്ല. മനുഷ്യഹൃദയങ്ങളോട് മാന്യമായും ആകർഷകമായും സംവദിക്കാനുള്ള ഭാഷാശേഷിയും ശൈലിയും കൊണ്ട് മൗദൂദി സാഹിബ് നേരത്തെ തന്നെ അവിഭക്ത ഇന്ത്യയിൽ ശ്രദ്ധിക്കപ്പെട്ടിരുന്നു. കേരളത്തിലെ മുസ്‌ലിം പണ്ഡിതന്മാർക്കിടയിൽ നവോത്ഥാനത്തിന് വേണ്ടിയുള്ള ദാഹം പ്രകടമായ കാലം കൂടിയായിരുന്നു അത്. മൗദൂദിയുടെ ശബ്ദത്തിൽ നവോത്ഥാനത്തിന്റെ മുഴക്കം ദർശിച്ച ചില പണ്ഡിതന്മാർ അദ്ദേഹത്തിന്റെ രചനകൾ കേരളത്തിൽ പ്രചരിപ്പിച്ചു തുടങ്ങിയിരുന്നു. അവരെ ആകർഷിച്ച ഘടകം ഇസ്‌ലാം സമഗ്രമായ ജീവിതദർശനമാണെന്നതും അത് മുഴുമാനവതയുടേയും സന്ദേശമാണെന്നതുമായിരുന്നു. ജമാഅത്തെ ഇസ്‌ലാമി പിറവിയെടുക്കുന്നതിന് മുമ്പു തന്നെ മൗദൂദിയുടെ പുസ്തകങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടിരുന്നു. ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കപ്പെട്ടതിന് ശേഷം മൗദൂദിയുടെ പ്രഭാഷണങ്ങളും ഗ്രന്ഥങ്ങളും വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ വളർന്ന ഹാജി സാഹിബ് തന്നെ അവ വിവർത്തനം ചെയ്യുന്നതിൽ ബദ്ധശ്രദ്ധനായി. 1941 മുതൽ '49 വരെ പ്രസ്തുത പുസ്തകങ്ങളും വിരലിലെണ്ണാവുന്ന പ്രവർത്തകരുടെ പ്രസംഗപരിപാടികളും മാത്രമായിരുന്നു പ്രസ്ഥാനത്തിന്റെ കൈമുതൽ. ആധുനികഭാഷയിൽ ഇസ്‌ലാമിനെ അവതരിപ്പിക്കാൻ പര്യാപ്തമായ ഒരു ജിഹ്വ മലയാളത്തിലാവശ്യമാണെന്ന ചിന്ത 1944 മുതൽക്കേ ഹാജി സാഹിബിനുണ്ടായിരുന്നു. മൗദൂദി സാഹിബ് തന്നെയായിരുന്നു അതിന് പ്രേരണയും പ്രോത്സാഹനവും നൽകിയിരുന്നത്. മാനവരാശിയുടെ പൊതുസ്വത്തായ ഇസ്‌ലാമിനെ അവരവരുടെ ഭാഷയിൽ വിശദീകരിക്കാനുള്ള ആവേശമാണ് *പ്രബോധന*ത്തിന്റെ തുടക്കത്തിന് പ്രേരകമായത്.

*പ്രബോധന*ത്തിന്റെ ശിൽപികൾ ആദ്യലക്കത്തിൽ കുറിച്ചുവെച്ച ആശയങ്ങൾ മേൽ പറഞ്ഞ വസ്തുതകളെ അക്ഷരംപ്രതി സാക്ഷാത്കരിക്കുന്നു. "നിലവിലിരിക്കുന്ന ഏതെങ്കിലുമൊരു കക്ഷിയെ എതിർക്കുകയെന്നത് ഞങ്ങളുടെ ഉദ്ദേശ്യമല്ല. മനുഷ്യരിൽ ശത്രുക്കളായി ഞങ്ങൾക്ക് ആരും തന്നെയില്ല. എല്ലാ സമുദായക്കാരെയും വർഗക്കാരെയും സഹോദരങ്ങളായിട്ടാണ് ഞങ്ങൾ വീക്ഷിക്കുന്നത്. സത്യം അതെവിടെയാണെങ്കിലും, ഏതു സമുദായത്തിന്റെയോ വർഗത്തിന്റെയോ കൈവശമാണെങ്കിലും ഞങ്ങളുടെ മിത്രമാണ്. അസത്യം അത് ഞങ്ങളിൽ തന്നെയാണെങ്കിലും ഞങ്ങളുടെ ശത്രുവാണ്. ചുരുക്കത്തിൽ ഞങ്ങൾക്ക് വ്യക്തികളോടോ ഗോത്രങ്ങളോടോ സമുദായങ്ങളോടോ ദേശക്കാരോടോ അല്ല, അവരിൽ വല്ല അക്രമവും അനീതിയും കാണപ്പെടുന്നുവെങ്കിൽ അതിനോടാണ് ശത്രുതയും അവജ്ഞയുമുള്ളത്". ഹാജിസാഹിബും കെ. സി അബ്ദുല്ല മൗലവിയും മുഖാമുഖമിരുന്നാണ് *പ്രബോധന*ത്തിന്റെ പ്രഥമ ലക്കത്തിന്റെ 'മാനിഫെസ്റ്റോ' ഇപ്രകാരം വിളംബരം ചെയ്തത്. 'ഭാഷാപരമായ പ്രാഥമികജ്ഞാനം പോലുമില്ലാത്ത ഞങ്ങൾ' ഈ മഹാസാഹസത്തിന് മുതിർന്നത് കർത്തവ്യബോധത്താലാണെന്ന് അവർ വ്യക്തമാക്കുന്നുണ്ട്. ലേഖകന്മാരെന്ന നിലക്കോ പത്രപ്രവർത്തകരെന്ന നിലക്കോ പേരെടുക്കണമെ

ന്നത് തങ്ങളുടെ ഉദ്ദേശ്യമല്ലെന്നും തങ്ങൾ അതിനർഹരല്ലെന്നും അവർ നയം വ്യക്തമാക്കുന്നുണ്ട്. ഹൃദയങ്ങളിലേക്ക് തുളച്ചുകയറുന്ന ഉജ്ജ്വലവാചകങ്ങൾ എത്രയോ ശിൽപഭദ്രമായാണ് അവർ കുറിച്ചുവെച്ചത്. അതും തങ്ങളുടെ 'അക്ഷരവൈരൂപ്യത്തെ' സംബന്ധിച്ച് അടിക്കടി കുറ്റസമ്മതം നടത്തിക്കൊണ്ട്.

കേരളീയ മുസ്‌ലിം സമൂഹത്തിൽ നവോത്ഥാനത്തിന്റെ ഊടും പാവും നിർണയിച്ചതിൽ *പ്രബോധനം* വഹിച്ച പങ്ക് അനൽപമാണ്. വക്കം മൗലവിയുടെ *ദീപിക*യും ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ *അൽമുർഷിദും* നിർവഹിച്ച ചരിത്രദൗത്യത്തെ വിസ്മരിച്ചുകൊണ്ടല്ല ഇത് രേഖപ്പെടുത്തുന്നത്. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർക്കുകയും, മുസ്‌ലിം സമുദായത്തെ തൗഹീദിന്റെ തനത് രൂപങ്ങളിലേക്ക് തിരിച്ചുകൊണ്ട് വരികയും ചെയ്യുന്നതിലാണ് സ്വാഭാവികമായും *ദീപിക*യും *അൽമുർഷിദും* ശ്രദ്ധിച്ചത്. പരിഷ്കരണസംരംഭത്തിന്റെ പ്രധാനമായ ഒരു ഭാഗമായിരുന്നു അത്. എന്നാൽ നവോത്ഥാനത്തിന്റെ വൃത്തത്തെ കൂടുതൽ വലുതാക്കുകയാണ് ഇസ്‌ലാമിക പ്രസ്ഥാനവും *പ്രബോധന*വും ചെയ്തത്. മുസ്‌ലിം സമൂഹത്തെ ഇസ്‌ലാഹ് ചെയ്യുന്നതോടൊപ്പം തന്നെ ഇസ്‌ലാം കേവലം ആചാരബന്ധിതമായ പാരമ്പര്യമതം മാത്രമല്ലെന്നും വിപ്ലവകരമായ സമ്പൂർണ ജീവിതപദ്ധതിയാണെന്നും കേരളീയരെ യുക്തിഭദ്രമായും പ്രാമാണികമായും ബോധ്യപ്പെടുത്തിയത് *പ്രബോധനം* തന്നെയാണ്. അന്താരാഷ്ട്ര പ്രശസ്തരായ മുസ്‌ലിം പണ്ഡിതന്മാരുടെ കൃതികളും ലേഖനങ്ങളും *പ്രബോധന*ത്തിൽ വെളിച്ചം കണ്ടു. കേരളത്തിലെ മുസ്‌ലിം സമൂഹത്തിന് ആഗോള ഇസ്‌ലാമിക സംരംഭങ്ങളെ ഉൾകൊള്ളാനുള്ള ആവേശം അത് പകർന്നുനൽകി. പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്ന എല്ലാ വിഭാഗത്തിലും പെട്ട ഇസ്‌ലാമിക പണ്ഡിതന്മാരുടെ പാഥേയങ്ങളിലെ ഒഴിച്ചുകൂടാനാവാത്ത ഇനമായി *പ്രബോധനം*. ഇസ്‌ലാമിന്റെ മിത്രങ്ങൾക്ക് മാത്രമല്ല വിമർശകർക്കും ഇസ്‌ലാമിനെ സമീപിക്കാനുള്ള ആധികാരിക അവലംബമായി *പ്രബോധനം* നിലകൊണ്ടു.

*പ്രബോധന*വും പ്രസ്ഥാനവും അന്ന് ഇഴപിരിക്കാനാവാത്ത വിധം ഒന്നും അവിഭാജ്യവുമായിരുന്നു എന്നത് *പ്രബോധന*ത്തിന്റെ സ്ഥാനവും മഹത്വവും വർധിപ്പിക്കുന്നു. ജമാഅത്ത് ഓഫീസ് തന്നെയായിരുന്നു *പ്രബോധന*ത്തിന്റെയും ഓഫീസ്. ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന ഓഫീസിലെ പ്രവർത്തകർ തന്നെ *പ്രബോധന*ത്തിന്റെ പ്രവർത്തനത്തിലും പങ്കുചേർന്നു. ഹാജി സാഹിബ് ജമാഅത്തെ ഇസ്‌ലാമിയുടെ കേരളത്തിലെ ചുമതലക്കാരനായതോടൊപ്പം *പ്രബോധന*ത്തിന്റെ മുഖ്യ ജോലികളും നിർവഹിച്ചിരുന്നു. അദ്ദേഹം നിരന്തരം പര്യടനങ്ങളിലായിരിക്കും. പക്ഷേ ഊഴം വെച്ച് എടയൂരിലെത്തും. അടുത്ത ലക്കത്തിലേക്കുള്ള മാറ്ററുകൾ പറഞ്ഞുകൊടുക്കും. പ്രധാന ലേഖനങ്ങളുടെ തർജുമ നിർവഹിക്കും. വീണ്ടും പര്യടനത്തിനിറങ്ങും. ഹാജി സാഹിബിന്റെ പ്രസംഗങ്ങൾ കുറിച്ചെടുക്കുകയും പത്രത്തിന്റെ അച്ചടി സംബന്ധമായ കാര്യങ്ങളിൽ വിവിധ സന്ദർഭങ്ങളിൽ മേൽനോട്ടം വഹിക്കുകയും ചെയ്തിരുന്ന കെ.സി അബ്ദുല്ല മൗലവിയും ടി.കെ അബ്ദുല്ല മൗലവിയും പിന്നീട് കേരള ജമാഅത്തിന്റെ തന്നെ അമീറുമാരായി മാറി. വരിക്കാരുടെയും ഏജന്റുമാരുടെയും കണക്കുകൾ കൈകാര്യം ചെയ്യാൻ വിഷമം നേരിട്ടപ്പോൾ പുളിക്കൽ മദീനത്തുൽ ഉലൂം അറബിക്കോളേജിൽ വിദ്യാർഥിയായിരുന്ന അബ്ദുൽ അഹദ് തങ്ങൾ ആ ചുമതലയേറ്റു (1951). അപ്പോൾ തന്നെ അദ്ദേഹം ജമാഅത്തിന്റെ സെക്രട്ടറിയും അക്കൗണ്ടന്റുമായിരുന്നു. 1953ൽ ജനാബ് ടി. മുഹമ്മദ് സാഹിബ് *പ്രബോധന*ത്തിന്റെ സഹപത്രാധിപർ ആയിരുന്നപ്പോൾ തന്നെ കേരള ജമാഅത്തിന്റെ ഖയ്യിം (സെക്രട്ടറി) കൂടിയായിരുന്നു. *പ്രബോധനം* പുറത്തിറങ്ങുന്ന ദിനം പ്രവർത്തകർക്ക് പെരുന്നാൾ പോലെയായിരുന്നു. പത്രം അച്ചടിച്ചെത്തുന്ന ദിവസം രാത്രി അവർ എടയൂരിൽ സമ്മേളിക്കും. ഒരാൾ വരിക്കാരുടെ പട്ടിക വായിച്ച് കൊടുക്കും. കെ.സി അബ്ദുല്ല മൗലവി മേൽവിലാസം എഴുതും. വായിക്കാനറിയാത്ത പ്രവർത്തകർ റാപ്പറുകളിൽ പശ തേക്കും. മറ്റു ചിലർ പാക്ക് ചെയ്ത് കെട്ടുകളാക്കും. സുബ്ഹി വരെയും ഈ പ്രവർത്തനങ്ങൾ നീളും. *പ്രബോധനം* അവർക്ക് ഉറ്റ സുഹൃത്തും വഴികാട്ടിയുമായിരുന്നു. *പ്രബോധന*വും അന്നത്തെ പ്രവർത്തകരും തമ്മിലുണ്ടായ സുദൃഢ ബന്ധം കേവല യുക്തിക്ക് പകരം വൈകാരികമായിരുന്നു. എല്ലാ വായനക്കാരും പത്രത്തെ കണ്ണും കണ്ണടയും കൊണ്ടാണ് ഉപയോഗിക്കുക. ചിലർ പത്രത്തിലെ അക്ഷരങ്ങൾക്കും ആശയങ്ങൾക്കും മസ്തിഷ്കത്തിൽ സ്ഥാനം നൽകുകയും ചെയ്യുന്നു. എന്നാൽ പത്രത്തിന്റെ ഉള്ളടക്കം നിർണയിക്കുന്ന പ്രമുഖ പണ്ഡിതരടക്കമുള്ള പ്രവർത്തകർ ഒരു പത്രത്തെ തലച്ചുമ



■ ഹാജി സാഹിബ്


**അറുപത്തിയൊന്നാം വർഷത്തിൽ *പ്രബോധന*ത്തിന് സുപ്രധാനമായ ചുവടുവെപ്പുകളുണ്ടാകണമെന്ന് ഇസ്‌ലാമിക പ്രസ്ഥാനം ആഗ്രഹിക്കുന്നു. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും കേരളീയ ആനുകാലികങ്ങളുടെ മുന്നിലെത്താൻ ഇനിയും നാം സഞ്ചരിക്കേണ്ടതുണ്ട്. *പ്രബോധന*ത്തെ നെഞ്ചിലേറ്റേണ്ടത് നമ്മളാണ്. ആദ്യകാല പ്രവർത്തകരെപോലെ *പ്രബോധനം* ഓരോ ലക്കവും പൂർണമായി വായിക്കാൻ മനസുവെക്കണം. വായിക്കുന്നവർക്കേ അതിന്റെ വില മനസ്സിലാവുകയുള്ളൂ. നമ്മുടെ ആദ്യകാല തലമുറയുടെ അറിവും അനുഭവവും വർധിച്ചത് *പ്രബോധനം* വായനയിലൂടെയായിരുന്നു.**

ടായി കൊണ്ടുനടന്ന അനുഭവം *പ്രബോധന*ത്തിന്റേതു മാത്രമായിരിക്കും. അക്ഷരാഭ്യാസമില്ലാത്തവരും അവരുടെ 'തലയും ചുമലുകളും' നൽകി *പ്രബോധന*ത്തിന്റെ സഞ്ചാരത്തെ എളുപ്പമാക്കിയ അനുഭവം ആരുടെയും കണ്ണു നനക്കുന്നതാണ്. കുറ്റ്യാടിയിൽ നിന്നും എടയൂരിലെത്തി വളപട്ടണം വരെ അതു വിതരണം ചെയ്തിരുന്ന ടി.കെ അബ്ദുല്ല സാഹിബിന്റെ ജ്യേഷ്ഠ സഹോദരനായ കുഞ്ഞഹമ്മദ് സാഹിബും എടയൂർ മുതൽ കാസർഗോഡ് വരെ *പ്രബോധന*ത്തിന്റെ പ്രചരണാർഥം സൈക്കിളിൽ സഞ്ചരിച്ചിരുന്ന താജുദ്ദീൻ സാഹിബും ഇസ്‌ലാമിക പ്രസ്ഥാന ചരിത്ര മുഹൂർത്തത്തിലെ മായാത്ത ഓർമകളാണ്. 1987ൽ, *പ്രബോധനം* വാരികയായി മാറിയപ്പോൾ എഴുതിയ മുഖക്കുറിപ്പ് അക്കാര്യം വ്യക്തമാക്കുന്നു. 'മാന്യ വായനക്കാരെ ഞങ്ങൾ ഒരിക്കൽ കൂടി അനുസ്മരിക്കട്ടെ. ഞങ്ങളെ സംബന്ധിച്ചേടത്തോളം നിങ്ങൾ *പ്രബോധന*ത്തിന്റെ ഇടപാടുകാരല്ല ഉടമകളാണ്. നിങ്ങൾക്ക് വേണ്ടി നിങ്ങൾ തന്നെ ഊട്ടി വളർത്തുന്ന സ്ഥാപനമാണിത്. ഇതിന്റെ ഭാവി നിങ്ങളുടെ കൈകളിൽ തന്നെയാണ്.' ഈ വികാരമാണ് പതിറ്റാണ്ടുകൾക്ക് ശേഷവും *പ്രബോധന*ത്തിന്റെ പുതിയ വായനക്കാർ കാത്തുസൂക്ഷിക്കുന്നത്. പ്രസ്ഥാനവും *പ്രബോധന*വും തമ്മിലുള്ള ജൈവികമായ പൊക്കിൾകൊടി ബന്ധത്തിന്റെ ചരിത്ര സാക്ഷ്യമാണ് നീണ്ട അറുപത് വർഷങ്ങൾ.

അറുപത്തിയൊന്നാം വർഷത്തിൽ *പ്രബോധന*ത്തിന് സുപ്രധാനമായ ചുവടുവെപ്പുകളുണ്ടാകണമെന്ന് ഇസ്‌ലാമിക പ്രസ്ഥാനം ആഗ്രഹിക്കുന്നു. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും കേരളീയ ആനുകാലികങ്ങളുടെ മുന്നിലെത്താൻ ഇനിയും നാം സഞ്ചരിക്കേണ്ടതുണ്ട്. *പ്രബോധന*ത്തിന്റെ ശിൽപികൾ അങ്ങനെയൊരു പ്രതിജ്ഞ എടുത്തുകഴിഞ്ഞിരിക്കുന്നു. *പ്രബോധന*ത്തെ നെഞ്ചിലേറ്റേണ്ടത് നമ്മളാണ്. ആദ്യകാല പ്രവർത്തകരെപോലെ *പ്രബോധനം* ഓരോ ലക്കവും പൂർണമായി വായിക്കാൻ മനസുവെക്കണം. വായിക്കുന്നവർക്കേ അതിന്റെ വില മനസ്സിലാവുകയുള്ളൂ. നമ്മുടെ ആദ്യകാല തലമുറയുടെ അറിവും അനുഭവവും വർധിച്ചത് *പ്രബോധനം* വായനയിലൂടെയായിരുന്നു. ഗൾഫ് രാജ്യങ്ങളിലെ ഇസ്‌ലാമിക മുന്നേറ്റങ്ങളും യൂറോപ്പിലെയും അമേരിക്കയിലെയും തുടിപ്പുകളും ഇറാനിലെയും ഈജിപ്തിലെയും ഇസ്‌ലാമിക മാറ്റങ്ങളും കുറ്റ്യാടിയിലെയും കൊച്ചിയിലെയും കൊടുങ്ങല്ലൂരിലെയും വളാഞ്ചേരിയിലേയും കാഞ്ഞിരപ്പള്ളിയിലേയും കൊടിഞ്ഞിയിലേയും ചായമക്കാനികളിൽ സംവാദ വിഷയമാക്കിയത് ആത്മദാഹമുള്ള *പ്രബോധനം* വായനക്കാരുടെ വ്യൂഹമായിരുന്നു.

പ്രസ്ഥാന മാർഗത്തിൽ കേരളത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കുകയും ചില പ്രവർത്തകരുമായി സംസാരിക്കുകയും ചെയ്യുമ്പോൾ അവർ ഏറ്റവും ചുരുങ്ങിയത് *പ്രബോധന*മെങ്കിലും വായിച്ചിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ച് പോയിട്ടുണ്ട്. ജമാഅത്തിന്റെ മേഖലാ സമ്മേളനങ്ങളിൽ പ്രവർത്തകർ ഉന്നയിച്ച സംശയങ്ങളിൽ പകുതിയും ദൂരീകരിക്കാൻ *പ്രബോധന*വുമായുള്ള സഹവാസത്തിലൂടെ സാധിക്കുമായിരുന്നു. വായിപ്പിക്കുന്നതിൽ മാത്രമല്ല സ്വയം വായിക്കുന്നതിലും നമുക്ക് ശ്രദ്ധയുണ്ടാവണം. ഇസ്‌ലാമിക പ്രസ്ഥാന നേതൃത്വത്തെ ആഴ്ചയിൽ നിങ്ങൾക്ക് അടുത്തു കിട്ടുകയാണ് *പ്രബോധന*ത്തിന്റെ വായനയിലൂടെ സംഭവിക്കുന്നത്. അതോടൊപ്പം തന്നെ *പ്രബോധന*ത്തെ കൂടുതൽ ജനങ്ങളുടെ കൈകളിലെത്തിക്കാനുള്ള പരിശ്രമങ്ങൾ നാം ഊർജസ്വലമാക്കണം. വീടുകളിലും വായനശാലകളിലും *പ്രബോധനം* ലഭ്യമാക്കുമ്പോൾ പ്രസ്ഥാനത്തിന്റെ ശബ്ദമാണ് അവിടങ്ങളിൽ മുഴങ്ങുന്നതെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. *പ്രബോധന*ത്തിന്റെ പ്രചാരം വർധിപ്പിക്കാൻ പുരുഷന്മാരും വനിതകളും യുവാക്കളും വിദ്യാർഥി -വിദ്യാർഥിനികളും മുന്നോട്ടു വരണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. 1944ലെ എഡിറ്റോറിയലിൽ രേഖപ്പെടുത്തിയ പ്രാർഥന തന്നെയാണ് 60 വർഷങ്ങൾക്ക് ശേഷവും എന്റെ മനസ്സിൽ കടന്നു വരുന്നത്. "അല്ലാഹുവേ ഞങ്ങളുടെ ഹൃദയങ്ങളെ സദ്പന്ഥാവിൽ നിന്നും വ്യതിചലിപ്പിക്കരുതേ. ഞങ്ങളുടെ പേന നിന്റെ അടിമകളിൽ ആരുടെയും ദുർമാർഗത്തിന് കാരണമാകാതിരിക്കാനും അവരുടെ സന്മാർഗ ലബ്ധിക്കും സമാധാന ജീവിതത്തിനും മാത്രം സഹായകമായിരിക്കാനും നീ ഞങ്ങളെ അനുഗ്രഹിച്ചാലും. ഞങ്ങളുടെ അശക്തിയും അജ്ഞതയും നിനക്ക് നല്ലപോലെ അറിയാം. അതുകൊണ്ട് നിന്റെ ദീനിനു വേണ്ടിയുള്ള പരിശ്രമത്തിലെ ഓരോ കാലടിയിലും നീ ഞങ്ങളെ സഹായിക്കേണമേ." ആമീൻ. ■

**എല്ലാ വായനക്കാരും പത്രത്തെ കണ്ണും കണ്ണടയും കൊണ്ടാണ് ഉപയോഗിക്കുക. ചിലർ പത്രത്തിലെ അക്ഷരങ്ങൾക്കും ആശയങ്ങൾക്കും മസ്തിഷ്ക്കത്തിൽ സ്ഥാനം നൽകുകയും ചെയ്യുന്നു. എന്നാൽ പത്രത്തിന്റെ ഉള്ളടക്കം നിർണയിക്കുന്ന പ്രമുഖ പണ്ഡിതരടക്കമുള്ള പ്രവർത്തകർ ഒരു പത്രത്തെ തലച്ചുമടായി കൊണ്ടുനടന്ന അനുഭവം *പ്രബോധന*ത്തിന്റേതു മാത്രമായിരിക്കും. അക്ഷരാഭ്യാസമില്ലാത്തവരും അവരുടെ 'തലയും ചുമലുകളും' നൽകി *പ്രബോധന*ത്തിന്റെ സഞ്ചാരത്തെ എളുപ്പമാക്കിയ അനുഭവം ആരുടെയും കണ്ണു നനക്കുന്നതാണ്.**



■ കെ.സി അബ്ദുല്ല മൗലവി